(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദുർഘടവും, പൊതു ഗതാഗതസൗകര്യമില്ലാത്തതും വന്യമൃഗഭീഷണി ഉള്ളതുമായ വനമേഖലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളിലെ പട്ടികവർഗ്ഗവിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിഭാവന ചെയ്യുന്ന പദ്ധതിയാണ് ഗോത്ര സാരഥി. യാത്രാ സൗകര്യത്തിന്റെ അഭാവംമൂലം ഉണ്ടാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് ഒഴിവാക്കുക എന്നതും അതുവഴി ടി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ അവകാശങ്ങൾ സംരക്ഷിക്കുകയാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യം. ടി പദ്ധതി നടപ്പിലാക്കിയ ശേഷം കുട്ടികളുടെ ഹാജർ നില മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) പ്രാക്തന ഗോത്രവർഗ്ഗ കോളനികളിൽ നിന്നുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് പ്രഥമ പരിഗണന, കോളനികളിൽനിന്നും കുട്ടികൾ സ്കൂളിലേയ്ക്ക് എത്തേണ്ട ദൂരത്തിന്റെ ദൈർഘ്യം/ദുർഘടത, ട്രൈബൽ സ്കൂളുകൾ/സർക്കാർ സ്കൂളുകൾ/എയ്ഡഡ് സ്കൂളുകൾ എന്നീ മുൻഗണനാ ക്രമം നിശ്ചയിച്ച് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തു ഭരണ സമിതിയുടെ കൂടി പാർശ്വയോടെ സ്കൂളുകൾ തെരഞ്ഞെടുത്ത് വിവിധ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ, സ്കൂൾ അധികാരികൾ മുഖേന ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

പട്ടികവർഗ്ഗ വിഭാഗങ്ങൾ

223(2427) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ചെലവഴിച്ച തുക അവരുടെ അവശത മാറ്റുന്നതിന് പര്യാപ്തമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗങ്ങളുടെ ഉന്നമനത്തിനുള്ള പ്രോജക്ടുകൾ ശാസ്ത്രീയമായ രീതിയിൽ രൂപകല്പന ചെയ്തതാണെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചകളും മറ്റും പഠിക്കുന്നതിനും ഇത് വരെ ചെലവഴിച്ച ഫണ്ടും പദ്ധതികളും അവലോകനം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വാതന്ത്ര്യലബ്ധിക്കുശേഷം പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള പദ്ധതികൾ ആദ്യകാലങ്ങളിൽ നടപ്പാക്കിയിരുന്നത് വിവിധ വികസന വകുപ്പുകളുടെ പദ്ധതികളുടെ ഭാഗമായിട്ടായിരുന്നു. പട്ടികവർഗ്ഗക്കാർക്കായിട്ടുള്ള വികസന പദ്ധതികൾ നടപ്പാക്കുമ്പോൾ അവർ പരമ്പരാഗതമായി ആചരിച്ചുവന്നിരുന്ന പ്രത്യേക ഗോത്ര സംസ്കാരത്തിനു കോട്ടം തട്ടാത്ത രീതിയിൽ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്ക് അനുസരിച്ച് പട്ടികവർഗ്ഗ ജനതയെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനും അവരുടെ ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും നിർവ്വഹണത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പ്രസ്തുത സംവിധാനത്തിൽ കഴിയുമായിരുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിലാണ് അഞ്ചാം പദ്ധതിയുടെ ആദ്യവർഷം മുതൽ (1974-75) പട്ടികവർഗ്ഗക്കാർക്ക് മാത്രമായിട്ടുള്ള പട്ടികവർഗ്ഗ ഉപപദ്ധതി സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചു തുടങ്ങിയത്. പട്ടികവർഗ്ഗ ഉപപദ്ധതിയനുസരിച്ച് സംസ്ഥാന ബജറ്റിൽ വികസന പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തുമ്പോൾ പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യയ്ക്ക് ആനുപാതികമായി വകയിരുത്തണമെന്നുള്ളതാകുന്നു. ഇതര ജനവിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി പ്രത്യേകം ഗോത്രങ്ങളായി (ഊര്, കുടി മുതലായവ) പട്ടികവർഗ്ഗക്കാർ അധിവസിച്ചു വരുന്നതിനാൽ പട്ടികവർഗ്ഗ ഉപപദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുമ്പോൾ അവരുടെ ആവാസകേന്ദ്രങ്ങളും എല്ലാ രീതിയിലും വികസിക്കണം എന്നുള്ളതാണ് പട്ടികവർഗ്ഗ ഉപപദ്ധതിയുടെ കാഴ്ചപ്പാട്. തൻമൂലം ഈ പദ്ധതി പ്രകാരം ഓരോ പട്ടികവർഗ്ഗ പ്രദേശത്തിനും ആവശ്യം വേണ്ട ഭൗതിക സജ്ജീകരണങ്ങൾ സാമ്പത്തിക വികസനത്തിനും സാംസ്കാരികമായ ഉന്നമനത്തിനും ഒപ്പം ആവിഷ്കരിച്ചു നടപ്പാക്കേണ്ടതുണ്ട്. പട്ടിക വർഗ്ഗക്കാരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ആരോഗ്യ പരവുമായ പിന്നോക്കാവസ്ഥയിൽനിന്നും അവരെ അതിവേഗം മുഖ്യധാരയിൽ എത്തിക്കുന്നതിനായി വൻതോതിലുള്ള വിഭവ വിനിയോഗം ആവശ്യമാകയാൽ 12-ാം പഞ്ചവത്സരപദ്ധതിയുടെ അവശേഷിക്കുന്ന നാലു വർഷങ്ങളിൽ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം ലഭിക്കുന്ന ബജറ്റ് വിഹിതം 2 ശതമാനത്തിൽനിന്നും 4 ശതമാനമാക്കി വർദ്ധിപ്പിക്കണമെന്ന് പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും സംസ്ഥാന ആസൂത്രണ ബോർഡിൽ അഭ്യർത്ഥിക്കുകയും പ്രസ്തുത അഭ്യർത്ഥനയെ തുടർന്ന് പട്ടികവർഗ്ഗക്കാരുടെ സ്ഥായിയായ സമഗ്ര വികസനം എന്ന പ്രത്യേക പാക്കേജ് കൂടി ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം ലഭിക്കുന്ന ബജറ്റ് വിഹിതം 3 ശതമാനമാക്കി ഉയർത്തുകയുണ്ടായി.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പുവഴി നേരിട്ട് നടപ്പിലാക്കുന്ന പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ തദ്ദേശസ്വയം ഭരണവകുപ്പിലെയും മറ്റ വകുപ്പുകളുടെയും ജില്ലാതല ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, ഊരുമൂപ്പൻ, പ്രൊമോട്ടർമാർ എന്നിവർ അടങ്ങിയ ഒരു സംഘം ഊരുകൂട്ടം വിളിച്ച് ചേർത്ത് കോളനികളുടെ വികസനപ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രോജക്ടുകൾ ശാസ്ത്രീയമായ രീതിയിൽ രൂപകല്പന ചെയ്ത് യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചു പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികവർഗ്ഗ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പരമാവധി പ്രയോജനം അവർക്കുതന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ ക്ഷേമ കാര്യങ്ങൾക്ക് അനുവദിക്കുന്ന തുക അതാത് പദ്ധതികൾക്ക് തന്നെ കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തി മുഴുവൻ തുകയും ചെലവഴിക്കുന്നതിന് വകപ്പ് അതീവ ജാഗ്രത പാലിക്കാറുണ്ട്. ഇതിനായി വകുപ്പദ്ധ്യക്ഷൻമാർ വകുപ്പതല അവലോകനയോഗങ്ങൾ നടത്തി ജില്ലാതല നിയന്ത്രണോദ്യോഗസ്ഥർക്ക് കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകി പദ്ധതി പുരോഗതി കൈവരിക്കാറുണ്ട്. വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനത്തിന് ജില്ലാ ഓഫീസർമാരുടെ യോഗം എല്ലാമാസവും ചേർന്ന് വിലയിരുത്തുന്നുണ്ട്. പട്ടിക വർഗ്ഗമേഖലയിൽ തന്നെ തുക വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി വകുപ്പതല അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. പദ്ധതി നടത്തിപ്പ് ഏകോപിപ്പിക്കുന്നതിനായി ഡയറക്ടറേറ്റിൽ ഒരു പ്ലാനിംഗ് മോണിറ്ററിംഗ് സെൽ നിലവിലുണ്ട്. 2012-13 സാമ്പത്തിക വർഷം മുതൽ കോർപ്പസ് ഫണ്ട് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ സ്ഥലം എം.എൽ.എ. ചെയർമാനായും പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ കൺവീനറായും ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാ മേധാവി ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, ഇതര ജനപ്രതിനിധികൾ എന്നിവർ മെമ്പർമാരുമായ ഒരു കമ്മിറ്റിയുടെ നിരീക്ഷണത്തിലാണ് നടത്തി വരുന്നത്. പട്ടിവർഗ്ഗ വികസന പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഫണ്ട് വിനിയോഗം ഡയറക്ടറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിലുള്ള ഒരു ആഡിറ്റ് ടീം യഥാസമയം പരിശോധന നടത്തുന്നുണ്ട്. കൂടാതെ അക്കൗണ്ട്സ് ആന്റ് ആഡിറ്റ് ജനറൽ ഓഫീസിലെ ഒരു ടീമും പ്രസ്തുത ഫണ്ട് വിനിയോഗം യഥാസമയം പരിശോധന നടത്തുന്നുണ്ട്. ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ ഫലമായി പട്ടിക വർഗ്ഗ വികസനത്തിന് അനുവദിക്കുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിന്റെ പുരോഗതി വിലയിരുത്താൻ സാധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly